## ലോക്സഭാ തെരഞ്ഞെടുപ്പ് 2009

# ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ജനപക്ഷ പ്രകടന പത്രിക

**സ്വാതന്ത്ര്യ ലബ്ധിയുടെ ആറു പതിറ്റാണ്ടുകൾക്കു ശേഷവും ഇന്ത്യൻ ദേശീയ രാഷ്ട്രീയം കലുഷമായി തുടരുകയാണ്. ധനബലവും പേശീബലവും രാഷ്ട്രീയത്തിനുമേൽ ആധിപത്യം നേടുന്നു. നീതിയുടെയും ധർമത്തിന്റെയും മൂല്യങ്ങൾ ബലികഴിക്കപ്പെടുന്നു. മുന്നണികൾ പിറക്കുന്നു, അൽപായുസ്സുകളായി പിണങ്ങിപ്പിരിയുന്നു. അഴിമതി ഗ്രസിച്ച രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും, തലകീഴായ വികസനനയം, അരക്ഷിതരായ ന്യൂനപക്ഷങ്ങൾ, ഫാഷിസത്തിന്റെ കടിഞ്ഞാണില്ലാത്ത രഥയോട്ടങ്ങൾ... ഈ വികൽപങ്ങൾക്കിടയിൽ പൊറുതി നശിച്ച ഇന്ത്യൻ ജനതക്കുവേണ്ടി ഉത്കൃഷ്ട മൂല്യങ്ങളുടെ അടിത്തറയിൽനിന്നുകൊണ്ട് സമൂലമായ പൊളിച്ചെഴുത്തിന് ജമാഅത്തെ ഇസ്‌ലാമി അവതരിപ്പിക്കുന്ന നിർദേശങ്ങൾ.**

### നീതി പുലരണം

### വികസനം സന്തുലിതമാകണം

### രാഷ്ട്രീയത്തിലെ മൂല്യബദ്ധത മർമപ്രധാനം

### ഇന്ത്യ ക്ഷേമരാജ്യമാകണം

### ചേരിചേരാ നയം പുനഃസ്ഥാപിക്കണം

**ജഗന്നിയന്താവിലും** മുഹമ്മദ് നബി ഉൾപ്പെടെയുള്ള സർവ പ്രവാചകന്മാരിലുമുള്ള വിശ്വാസത്തെ ആധാരമാക്കുന്ന സാർവത്രിക ലോകവീക്ഷണത്തിനുവേണ്ടിയാണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി നിലകൊള്ളുന്നത്. ഒന്നൊഴിയാതെ സർവ കർമങ്ങൾക്കും വിധിദിനത്തിൽ സർവേശ്വര സമക്ഷം വിശദീകരണം ബോധിപ്പിക്കാൻ ഓരോ വ്യക്തിയും ബാധ്യസ്ഥനാണെന്ന് ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു. ഈ ബോധ്യങ്ങളുടെ അടിസ്ഥാനത്തിലാണ് ആസന്നമായ പാർലമെന്റ് തെരഞ്ഞെടുപ്പിനു മുന്നോടിയായി ഈ ജനകീയ പ്രകടനപത്രിക ഞങ്ങൾ പുറത്തിറക്കുന്നത്.

ധാർമികമൂല്യങ്ങളെ ആധാരമാക്കുന്ന രാഷ്ട്രീയ വ്യവസ്ഥിതിയാണ് രാജ്യത്തിനാവശ്യമെന്ന് ജമാഅത്തെ ഇസ്‌ലാമി വിശ്വസിക്കുന്നു. ഓരോ പൗരനും അവസര സമത്വമുള്ള, നീതിയും സ്വാതന്ത്ര്യവും പുലരുന്ന വ്യവസ്ഥ. സമാധാനവും നീതിയും പരസ്പര ബന്ധിതമാണെന്ന് ജമാഅത്ത് കരുതുന്നു. സമൂഹത്തിൽ സമാധാനം പുലരണമെങ്കിൽ നീതിയുടെ ബലിഷ്ഠമായ അടിത്തറയിലായിരിക്കണം വ്യവസ്ഥിതിയെ സംസ്ഥാപിക്കേണ്ടത്. മൂല്യബദ്ധമായ ക്ഷേമരാഷ്ട്രമെന്ന ജമാഅത്തെ ഇസ്‌ലാ

മിയുടെ വിഭാവന സാക്ഷാത്കരിക്കുന്നതിനുള്ള മാർഗത്തിലെ ചെറിയ കാൽവെപ്പെന്ന നിലയിൽ പ്രസക്തമായ ചില നിർദേശങ്ങളാണ് ഇവിടെ സമർപ്പിക്കുന്നത്.

### 1. വികസനം

■ രാജ്യത്തെ വിഭവങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കിടയിലും നീതിപൂർവകമായി വിതരണം ചെയ്യപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുക.

■ അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ സ്വകാര്യ-പൊതു പങ്കാളിത്ത രീതികൾ അവസാനിപ്പിക്കണം.

■ ഭൂമി അക്വിസിഷൻ ചട്ടം ഭേദഗതി ചെയ്യുക. വ്യാവസായിക ആവശ്യങ്ങൾക്കായി കൃഷിഭൂമികൾ അക്വയർ ചെയ്യുന്നത് നിരോധിക്കുക. അക്വയർ ചെയ്യപ്പെട്ട ഭൂമികൾക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുക.

■ കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനു ഫലപ്രദമായ ആക്ടുകൾ നടപ്പാക്കുക. താഴെ പറയുന്ന ലക്ഷ്യങ്ങളുടെ സാക്ഷാത്കാരം ഉറപ്പുവരുത്തുന്നതാകണം ആക്ട്:

- കുടിയൊഴിപ്പിക്കപ്പെട്ടവരുടെ ജീവിതനിലവാരം ചുരുങ്ങിയപക്ഷം മുമ്പത്തെ അവസ്ഥവരെയെങ്കിലും ഉയർത്തുക.

- തൃപ്തികരമായ പുനരധിവാസ സന്നാഹങ്ങൾ ഒരുക്കിയ ശേഷമേ കുടിയൊഴിപ്പിക്കൽ ആരംഭിക്കാവൂ.

- സവിശേഷ സാമ്പത്തിക മേഖലാ (SEZ) ചട്ടം പരിഷ്കരിക്കുക. ഡവലപ്മെന്റ് കമീഷണർമാരുടെ പരിധിയില്ലാത്ത അധികാരങ്ങൾ റദ്ദാക്കുക.

■ നിർധന-മധ്യ വർഗ വിഭാഗങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുക.

■ ഭൂരഹിതർ, ഭൂമി അനധികൃതമായി വെട്ടിപിടിക്കുന്ന കോർപറേറ്റ് കമ്പനികൾ, ഭൂമിയുടെ ഉപയോഗ രീതികൾ എന്നിവ സംബന്ധിച്ച അന്വേഷണങ്ങൾക്ക് കമീഷനെ നിയോഗിക്കേണ്ടത് അനിവാര്യമാണ്. പ്രസ്തുത കമീഷന്റെ ശിപാർശകൾ യഥാസമയം നടപ്പാക്കാൻ നിഷ്കർഷ ദീക്ഷിക്കുക.

### 2. സാമൂഹികനീതി

■ ജസ്റ്റിസ് രംഗനാഥ മിശ്ര കമീഷൻ റിപ്പോർട്ട് എത്രയും വേഗം പാർലമെന്റിന്റെ മേശക്കു മുമ്പിൽ സമർപ്പിക്കുക. ന്യൂനപക്ഷങ്ങൾ പൊതുവെ 15 ശതമാനം ജോലി സംവരണം, മുസ്‌ലിംകൾക്ക് 10 ശതമാനം പ്രത്യേക സംവരണം തുടങ്ങിയ ശിപാർശകൾ നടപ്പാക്കുക.



**കലാപങ്ങൾ തടയുന്നതിനുവേണ്ടി മാത്രം കലാപവിരുദ്ധ ചട്ടം ആവിഷ്കരിച്ച് നടപ്പാക്കുക. വിദ്വേഷം ഇളക്കിവിടുന്നതും വർഗീയ കലാപ പ്രേരണ നൽകുന്നതും, അതിക്രമങ്ങൾക്ക് പ്രേരണയാകുന്നതുമായ പ്രഭാഷണങ്ങൾക്ക് കർശന ശിക്ഷ, വർഗീയ കലാപം വിചാരണ ചെയ്യാൻ സ്ഥിരം ട്രൈബ്യൂണൽ, കലാപം നിയന്ത്രിക്കുന്നതിൽ വീഴ്ചവരുത്തുന്ന നിയമപാലകർക്ക് ശിക്ഷ തുടങ്ങിയ വ്യവസ്ഥകൾ ഉള്ളതായിരിക്കണം പുതിയ ചട്ടം.**

■ ഭീകരതയെ നേരിടാനെന്ന പേരിൽ ആരംഭിച്ച നിഷ്ഠുര സുരക്ഷാനിയമങ്ങൾ റദ്ദാക്കുക (ഉദാഹരണം: യു.എ.പി.എ, എം.സി.ഒ.സി.ഒ തുടങ്ങിയ ചട്ടങ്ങൾ).

പൊതുമേഖലയിലെ തൊഴിലുകൾ, ഉന്നത വിദ്യാഭ്യാസം, സാമൂഹിക ക്ഷേമ പദ്ധതികൾ തുടങ്ങിയവയിൽ മുസ്‌ലിംകൾക്ക് ജനസംഖ്യാനുപാതികമായ സംവരണം ഉറപ്പുവരുത്തുക.

■ എല്ലാ പൊതു-സ്വകാര്യ മേഖലകളിലും സച്ചാർ സമിതി നിർദേശിച്ച ഡൈവേഴ്സിറ്റി ഇൻഡക്സ് നടപ്പാക്കുക. സർക്കാറിന്റെ എല്ലാ പ്രോത്സാഹന പദ്ധതികളും ഇതുമായി ബന്ധിപ്പിക്കുകയും വേണം.

■ സച്ചാർ സമിതി ശിപാർശ പ്രകാരമുള്ള അവസരസമത്വ കമീഷന് എത്രയും വേഗം രൂപംനൽകുക.

■ കേന്ദ്ര-സംസ്ഥാന ആസൂത്രണങ്ങളുടെ ഭാഗമായി മുസ്‌ലിംകൾക്ക് ഉപ ആസൂത്രണങ്ങൾ ആരംഭിക്കുക.

■ ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകൾക്കു വേണ്ടി അനുവദിക്കുന്ന പദ്ധതികളും ധനവിനിയോഗവും ന്യൂനപക്ഷത്തിന്റെ ക്ഷേമത്തിന് ഉപയോഗിക്കുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തുക.

■ വനമേഖലയിലെ ആദിവാസി, ഗിരിവർഗ വിഭാഗങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക. അതോടൊപ്പം വികസനപദ്ധതികൾ ഈ വിഭാഗങ്ങളുടെ സാംസ്കാരികത്തെയോ പൈതൃകങ്ങളെയോ ബാധിക്കില്ലെന്ന് ഉറപ്പുവരുത്തുക.

■ കശ്മീർ, വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ അടിസ്ഥാനാവശ്യങ്ങൾക്ക് പരിഹാരം കാണുകയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്യുക.

■ പാർലമെന്റ്, നിയമസഭ, മുൻസിപ്പൽ കൗൺസിൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട തെരഞ്ഞെടുപ്പുകളിൽ സ്ഥാനാർഥികളെ നിർണയിക്കുമ്പോൾ സമുദായങ്ങൾക്ക് ആനുപാതികമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടെന്ന് പാർട്ടികൾ ഉറപ്പുവരുത്തേണ്ടതാണ്.

### 3. സമ്പദ്‌രംഗം

■ കർഷകർ, ചെറുകിട സംരംഭകർ



**കാർഷികമേഖലയുടെ ഉന്നമനത്തിന് പദ്ധതികൾ നടപ്പാക്കണം. കർഷകരെയും ഗ്രാമീണ ജനതയെയും ചൂഷണങ്ങളിൽനിന്ന് സംരക്ഷിക്കുന്ന നടപടികൾ സൃഷ്ടിക്കപ്പെടണം. അവശരായ കർഷകർക്ക് പലിശരഹിത വായ്പാ സംവിധാനങ്ങൾ ആവിഷ്കരിക്കുക. കാർഷികമേഖലക്കുള്ള ബജറ്റ് വിഹിതം മൂന്ന് മടങ്ങായി വർധിപ്പിക്കുക.**

തുടങ്ങിയ വിഭാഗങ്ങൾക്കായി പലിശരഹിത വായ്പകൾ പ്രഖ്യാപിക്കുക. സ്വകാര്യ ധനവായ്പാ സ്ഥാപനങ്ങളുടെ ചൂഷണങ്ങൾ തടയാൻ ഫലപ്രദമായ പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

■ ഐ.എം.എഫ്, ലോകബാങ്ക് എന്നിവയോടുള്ള ആശ്രിതത്വം പരമാവധി ചുരുക്കുക. ഈ അന്താരാഷ്ട്ര ബാങ്കുകൾക്ക് ബദലായി പുതിയ ചട്ടക്കൂടുകൾ വികസിപ്പിക്കാൻ ശ്രമിക്കുകയും ആ ദിശയിലേക്കുള്ള നീക്കങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്യുക.

■ അന്താരാഷ്ട്ര വായ്പകളെ ആശ്രയിക്കുന്നതിനു പകരം ആഭ്യന്തര രംഗത്തുനിന്ന് വിഭവങ്ങൾ സമാഹരിക്കുന്നതിനുള്ള വഴികൾ ആരായുക. ആഭ്യന്തര വിഭവ സമാഹരണത്തിനുള്ള സംസ്ഥാനങ്ങളുടെ നീക്കങ്ങൾക്ക് വിഘ്നം സൃഷ്ടിക്കുന്ന നിയമനിർമാണങ്ങൾ അവസാനിപ്പിക്കുക.

■ ബാങ്കിംഗ് മേഖലയിൽ പലിശരഹിത മേഖല കൂടി ഉൾപ്പെടുത്തുക. ഡോ. രഘുറാം രാജൻ നേതൃത്വം നൽകുന്ന ധനമേഖലാ പരിഷ്കരണ കമ്മിറ്റി (സി.എഫ്.ജി.ആർ)ഇത്തരമൊരു ശിപാർശ അവതരിപ്പിച്ചിരുന്നു. അതിനുവേണ്ടി ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുക.

### 4. സുരക്ഷാ മേഖല

■ പോലീസ് സേനയുടെ പരിഷ്കരണത്തിന് സുപ്രീം കോടതി നിർദേശിച്ച സർവ നിർദേശങ്ങളും നടപ്പാക്കുക. പക്ഷപാതപരമായ നടപടികൾ ആവർത്തിക്കില്ലെന്ന് ഉറപ്പുവരുത്താൻ പോലീസിൽ ന്യൂനപക്ഷങ്ങൾക്ക് 25 ശതമാനം സംവരണം നടപ്പാക്കുക.

■ കലാപങ്ങൾ തടയുന്നതിനുവേണ്ടി മാത്രം കലാപവിരുദ്ധ ചട്ടം ആവിഷ്കരിച്ച് നടപ്പാക്കുക. വിദ്വേഷം ഇളക്കിവിടുന്നതും വർഗീയ കലാപ പ്രേരണ നൽകുന്നതും, അതിക്രമങ്ങൾക്ക് പ്രേരണയാകുന്നതുമായ പ്രഭാഷണങ്ങൾക്ക് കർശന ശിക്ഷ, വർഗീയ കലാപം വിചാരണ ചെയ്യാൻ സ്ഥിരം ട്രൈബ്യൂണൽ, കലാപം നിയന്ത്രിക്കുന്നതിൽ വീഴ്ചവരുത്തുന്ന നിയമപാലകർക്ക് ശിക്ഷ തുടങ്ങിയ വ്യവസ്ഥകൾ ഉള്ളതായിരിക്കണം പുതിയ ചട്ടം.

■ പോലീസുമായുള്ള ഏറ്റുമുട്ടലുകളിൽ ഉണ്ടാകുന്ന കൊലകളെ സംബന്ധിച്ച് നിർബന്ധ അന്വേഷണം, അത്തരം കേസുകൾ അന്വേഷിക്കാൻ ജുഡീഷ്യൽ അധികാരമുള്ള സ്ഥിരം കമീഷൻ എന്നിവ നടപ്പാക്കുക.

■ ജാമ്യമില്ലാത്ത തടവ്, വിവരങ്ങൾ മറച്ചുവെച്ച് മൂന്ന് വർഷത്തെ ശിക്ഷ തുടങ്ങിയ വിവാദ ഭാഗങ്ങൾ ഒഴിവാക്കി നിയമവിരുദ്ധ പ്രവർത്തന നിരോധ ആക്ട് ഭേദഗതി ചെയ്യുക.

■ കഴിഞ്ഞ 10 വർഷത്തിനിടെ അരങ്ങേറിയ ഭീകരാക്രമണങ്ങൾ, സ്ഫോടന സംഭവങ്ങൾ എന്നിവ ഉന്നതതല കമീഷനെ നിയോഗിച്ച് അന്വേഷണം നടത്തുക.

■ ഏതു കേസിലും അറസ്റ്റ് ചെയ്യപ്പെട്ടവരുടെ വിചാരണ ഒരു മാസത്തിനകം ആരംഭിക്കുക.

■ തെളിവുകൾ ഇല്ലാത്തതിനാൽ ജയിലിൽ കഴിഞ്ഞ ശേഷം തെളിവില്ലെന്നതിനാൽ കുറ്റമുക്തരാക്കി വിട്ടയക്കപ്പെടുന്നവർക്ക് മതിയായ നഷ്ടപരിഹാരം നൽകുക.

■ ശ്രീകൃഷ്ണ കമീഷൻ കുറ്റക്കാരായി കണ്ടെത്തിയവർക്ക് ശിക്ഷ നൽകുക. കമീഷന്റെ ശിപാർശകൾ നടപ്പാക്കുക.

■ കശ്മീരിലും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും പൗരാവകാശ ലംഘനങ്ങൾ നടത്തിയ സുരക്ഷാ സേനാംഗങ്ങൾക്ക് ശിക്ഷ നൽകുക.

### 5. സ്ത്രീകളുടെ പ്രശ്നങ്ങൾ

■ പാർലമെന്റിൽ 33 ശതമാനം സ്ത്രീ സംവരണം നടപ്പാക്കുമ്പോൾ ന്യൂനപക്ഷ ഒ.ബി.സി വിഭാഗക്കാരായ സ്ത്രീകൾക്കും പ്രത്യേക സംവരണ ക്വാട്ട നിർണയിക്കുക.

■ ആശുപത്രികളിലൊഴികെ സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളിലൊന്നിലും സ്ത്രീകളെ രാത്രി ഷിഫ്റ്റിൽ ജോലി ചെയ്യുന്ന ബാധ്യതയിൽനിന്ന് ഒഴിവാക്കുക.

■ ബഹുരാഷ്ട്ര കമ്പനികളിലും കോൾ സെന്ററുകളിലും ജോലി ചെയ്യുന്ന സ്ത്രീകൾക്കെതിരായ ചൂഷണങ്ങൾ തടയുന്നതിന് ഫലപ്രദമായ നിയമം ആവിഷ്കരിക്കുക.

■ സ്ത്രീകളെ ശല്യംചെയ്യുന്നവർക്കെതിരെ കർശന ശിക്ഷ നടപ്പാക്കുക.

■ പെൺ ഭ്രൂണഹത്യ തടയുക. ഈ ഭീഷണി പഠനവിധേയമാക്കുന്നതിന് പ്രത്യേക കമീഷനെ നിയമിക്കുക.

■ പെൺകുഞ്ഞുങ്ങൾക്കെതിരായ അസഹിഷ്ണുത, ദുഷ്പെരുമാറ്റം തുടങ്ങിയവക്കെതിരായ നിയമനിർമാണം ആരംഭിക്കുക.

### 6. മൗലികാവകാശങ്ങൾ

■ ഉപജീവനത്തിനുള്ള ഓരോ പൗരന്റെയും അവകാശം നിയമപരമായ അവകാശമായിതന്നെ അംഗീകരിക്കപ്പെടണം. സർവരുടെയും തൊഴിലുറപ്പിന് നടപടി വേണം. ഭക്ഷണം, വസ്ത്രം, പാർപ്പിടം, ശുദ്ധജലം, ആരോഗ്യം തുടങ്ങിയ മൗലികാവകാശങ്ങളുടെ സംരക്ഷണം ഉറപ്പാക്കുക.

### 7 ആരോഗ്യ മേഖല

■ ആരോഗ്യത്തിനുള്ള പൗരന്റെ അവകാശത്തെ മൗലികാവകാശമായി ഭരണഘടനാപരമായ അംഗീകാരം നൽകുക.

എല്ലാ പൗരന്മാർക്കും ഗുണനിലവാരമുള്ള ആരോഗ്യ പരിപാലന ചികിത്സാ രീതികൾ ലഭിക്കുന്നതിനുതകുന്ന ചട്ടങ്ങൾ ആവിഷ്കരിക്കപ്പെടേണ്ടതാണ്.

■ ആരോഗ്യ പരിപാലന ചികിത്സാ മേഖലയിലെ ഉത്തരവാദിത്വം കൈയൊഴിയാനുള്ള സർക്കാറിന്റെ നീക്കങ്ങളും ഈ രംഗത്തെ സ്വകാര്യവത്കരണ പ്രവണതയും അവസാനിപ്പിക്കുക.

■ മൊത്തം ആഭ്യന്തരോൽപാദനത്തിൽനിന്ന് (ജി.ഡി.പി) ആരോഗ്യമേഖലക്ക് വകയിരുത്തുന്ന വിഹിതം 2012ഓടെ അഞ്ചര ശതമാനമായും 2015ഓടെ 10 ശതമാനമായും വർധിപ്പിക്കേണ്ടതാണ്.

■ രോഗചികിത്സക്കായി ആവശ്യക്കാർക്ക് പലിശരഹിത അടിസ്ഥാനത്തിലുള്ള അടിയന്തര വായ്പകൾ ഏർപ്പെടുത്തുക.

■ യുക്തിഭദ്രമായ ഔഷധനയം പ്രഖ്യാപിക്കുക. നിയമാനുസൃത മരുന്നുകളേ വിൽക്കപ്പെടുന്നുള്ളൂ എന്ന് ഉറപ്പു വരുത്തുക. എല്ലാ മരുന്നുകളുടെയും പേറ്റന്റ് അഞ്ചു വർഷത്തേക്കായി നിജപ്പെടുത്തുക.

■ സ്വകാര്യ കോർപറേറ്റ് ആശുപത്രികളുടെ ചൂഷണം, അരുതായ്മകൾ എന്നിവ തടയുന്നതിന് സമഗ്ര ആരോഗ്യപാലന രൂപീകരണ ആക്ടിനു രൂപംനൽകുക. ശരിയായ ലൈസൻസിംഗ്, ആശുപത്രികളിലെ ശരിയായ ഫയൽ റെക്കോർഡിംഗ്, കുറിപ്പടികളുടെ ഓഡിറ്റിംഗ്, യഥാർഥ വൈദ്യശാസ്ത്ര നിലവാര മാനദണ്ഡങ്ങളുടെ പാലനം, ആശുപത്രികളും ഡോക്ടർമാരും ഭൂപ്രദേശപരമായി ആനുപാതികമായിരിക്കുക തുടങ്ങിയവക്ക് ഈ ആക്ടിൽ വ്യവസ്ഥകൾ ഉണ്ടായിരിക്കണം.

## 8. വിദ്യാഭ്യാസ മേഖല

■ ജി.ഡി.പിയുടെ ആറു ശതമാനമെങ്കിലും വിദ്യാഭ്യാസ മേഖലക്ക് വകയിരുത്തേണ്ടതാണ്.

■ ഭരണഘടനയുടെ 21 എ വകുപ്പിലെ നിർദേശം സാക്ഷാത്കരിക്കുന്നതിന് വിദ്യാഭ്യാസ അവകാശ ചട്ടം ആവിഷ്കരിക്കുക. സൗജന്യ വിദ്യാഭ്യാസം നിലവാരപൂർണമാക്കുക. കുട്ടികളുടെ മാതൃഭാഷക്ക് പരിഗണന നൽകുന്നതാവണം ബോധന മാധ്യമം. അസമത്വങ്ങൾ അവസാനിപ്പിക്കുകയും പിന്നാക്ക വിഭാഗങ്ങളുടെ സാമ്പത്തികനില പരിഗണിക്കപ്പെടുകയും വേണം.

■ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അഡ്മിഷൻ, ഫീസ്ഘടന എന്നിവയിൽ നീതിയും സമത്വവും പാലിക്കപ്പെടുന്നതിന് സമഗ്ര നിയമം പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

■ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

■ എല്ലാ സംസ്ഥാനങ്ങളിലെയും പാഠപുസ്തകങ്ങളിൽ കടന്നുകൂടിയ വർഗീയ പക്ഷപാതിത്വമുള്ള ഭാഗങ്ങൾ നീക്കംചെയ്യുക.

■ ഉർദു മീഡിയം സ്കൂളുകൾക്ക് ആവശ്യമായ സൗകര്യങ്ങളും തസ്തികകളും അനുവദിക്കുക.

■ വിദ്യാഭ്യാസ മേഖലയിൽ നേരിട്ടുള്ള വിദേശ നിക്ഷേപത്തിന് അവസരം നൽകാതിരിക്കുക.

■ കോളേജ്-സർവകലാശാല തലങ്ങളിലെ ഫീസ് ഉയർത്താതിരിക്കുക.

■ ജാമിഅ മില്ലിയ്യ-അലീഗഢ് സർവകലാശാലകളുടെ ന്യൂനപക്ഷ പദവി പൂർണമായി അംഗീകരിക്കുക.

■ കുടിൽ വ്യവസായങ്ങളിൽ തൊഴിൽ ചെയ്യുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പ്രത്യേക നടപടികൾ സ്വീകരിക്കുക.

■ ജവഹർ നവോദയ വിദ്യാഭ്യാസ പദ്ധതി ന്യൂനപക്ഷ പിന്നാക്ക വിഭാഗങ്ങൾ പാർക്കുന്ന മേഖലകളിലും സ്ഥാപിക്കേണ്ടതാണ്.

## 9. കാർഷികരംഗം

■ കാർഷികമേഖലയുടെ ഉന്നമനത്തിന് പദ്ധതികൾ നടപ്പാക്കണം. കർഷകരെയും ഗ്രാമീണ ജനതയെയും ചൂഷണങ്ങളിൽനിന്ന് സംരക്ഷിക്കുന്ന നടപടികൾ സൃഷ്ടിക്കപ്പെടണം.

■ കൃഷിയുമായി ബന്ധപ്പെട്ട സ്വാമിനാഥൻ കമീഷന്റെ ശിപാർശകൾ നടപ്പാക്കുക.

■ അവശരായ കർഷകർക്ക് പലിശരഹിത വായ്പാ സംവിധാനങ്ങൾ ആവിഷ്കരിക്കുക.

■ കാർഷികമേഖലക്കുള്ള ബജറ്റ് വിഹിതം മൂന്ന് മടങ്ങായി വർധിപ്പിക്കുക.

■ കാർഷിക മേഖലയിലെ ഇന്തോ-യു.എസ് വിജ്ഞാന പദ്ധതി റദ്ദാക്കുക

■ കോർപറേറ്റ് ഗ്രൂപ്പുകളുടെ കരാർ കൃഷികൾ നിയന്ത്രിക്കേണ്ടതാണ്.

■ വിത്തുകളുമായി ബന്ധപ്പെട്ട ബഹുരാഷ്ട്ര കുത്തകാവകാശ നിയമം റദ്ദാക്കുക.

## 10. വ്യവസായം

■ കുടിൽ വ്യവസായം പോലുള്ള ചെറുകിട ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക. അവക്ക് സബ്സിഡികൾ അനുവദിക്കുക.

■ പൊതുമേഖലാ വ്യവസായങ്ങൾ സ്വകാര്യവത്കരിക്കുന്നത് അവസാനിപ്പി

**ഇന്ത്യാ-ഇസ്രയേൽ പ്രതിരോധ സഖ്യം അവസാനിപ്പിക്കുക. ഇന്ത്യയുടെ സുരക്ഷാ പ്രതിരോധ കാര്യങ്ങളിൽ ഇസ്രയേലിന് ഒരു നിലക്കും പങ്കാളിത്തം അനുവദിക്കാൻ പാടില്ലാത്തതാകുന്നു. ഇന്ത്യ-യു.എസ് പ്രതിരോധ സഖ്യം റദ്ദാക്കുക. അമേരിക്കയുടെ സാമ്രാജ്യത്വ അജണ്ടകളെ അപലപിക്കുക. ഇറാഖ്, അഫ്ഗാൻ എന്നിവിടങ്ങളിൽനിന്ന് യു.എസ്-നാറ്റോ ഭടന്മാരുടെ പിന്മാറ്റം ആവശ്യപ്പെടുക.**



യഹൂദ് ബറാകും മൻമോഹൻ സിംഗും

ക്കുക.

■ ചില്ലറ വ്യാപാരരംഗത്തെ വിദേശ നിക്ഷേപം അവസാനിപ്പിക്കുക.

■ വൻകിട കോർപ്പറേറ്റുകളുടെ ദുഃസ്വാധീനം തടയാൻ നിയമനിർമാണം ആരംഭിക്കുക. കോർപറേറ്റുകൾ സാധാരണ ചില്ലറ വ്യാപാരികളെ തകർക്കുന്നത് തടയുക.

■ മലിനീകരണം ഉണ്ടാക്കുന്ന വ്യവസായങ്ങളുടെ ലൈസൻസ് റദ്ദാക്കുക. പരിസ്ഥിതിക്കും ജനങ്ങൾക്കും ദൂഷ്യമുണ്ടാക്കുന്ന സ്ഥാപനങ്ങളിൽനിന്ന് നഷ്ട പരിഹാരം ഈടാക്കുക.

■ തുണിത്തരങ്ങൾ, പരവതാനി തുടങ്ങിയ തകരുന്ന വ്യവസായങ്ങൾക്കായി രക്ഷാ പദ്ധതി ആവിഷ്കരിക്കുക.

### 11. വിദേശനയം

■ രാഷ്ട്രം അതിന്റെ യഥാർഥ ചേരിചേരാനയം പുനരുജ്ജീവിപ്പിക്കുക. എല്ലാ അന്താരാഷ്ട്ര വേദികളിലും വികസ്വര ദരിദ്ര രാജ്യങ്ങളുടെ താൽപര്യങ്ങൾക്ക് ഇന്ത്യ പിന്തുണ നൽകുക.

■ അമേരിക്കയുമായുള്ള ആണവ കരാർ റദ്ദാക്കുക.

■ നിരപരാധികളായ ഫലസ്ത്വീൻ ജനതക്കെതിരായ ഇസ്രയേലീ ആക്രമണത്തെ ഇന്ത്യ അപലപിക്കണം. ഗസ്സക്കെതിരായ ഉപരോധം നീക്കാൻ ഇടപെടുക. ഹമാസ് ഭരണകൂടത്തെ നിയമാനുസൃത ഗവൺമെന്റായി അംഗീകരിക്കുക. ജറൂസലേം തലസ്ഥാനമായി സ്വതന്ത്ര ഫലസ്ത്വീൻ രാഷ്ട്രം രൂപവത്കരിക്കുന്നതിന് പിന്തുണ പ്രഖ്യാപിക്കുക.

■ ഇന്ത്യാ-ഇസ്രയേൽ പ്രതിരോധ സഖ്യം അവസാനിപ്പിക്കുക. ഇന്ത്യയുടെ സുരക്ഷാ പ്രതിരോധ കാര്യങ്ങളിൽ ഇസ്രയേലിന് ഒരുനിലക്കും പങ്കാളിത്തം അനുവദിക്കാൻ പാടില്ലാത്തതാകുന്നു.

■ ഇന്ത്യ-യു.എസ് പ്രതിരോധ സഖ്യം റദ്ദാക്കുക. അമേരിക്കയുടെ സാമ്രാജ്യത്വ അജണ്ടകളെ അപലപിക്കുക. ഇറാഖ്, അഫ്ഗാൻ എന്നിവിടങ്ങളിൽനിന്ന് യു.എസ്-നാറ്റോ ഭടന്മാരുടെ പിന്മാറ്റം ആവശ്യപ്പെടുക.

■ 'സാർക്കി'നെ പുനരുജ്ജീവിപ്പിക്കുക. ഇന്ത്യയും പാകിസ്താനും ബംഗ്ലാദേശും അനാക്രമണ കരാർ ഒപ്പുവെക്കുക. ഭീകരമുക്ത ഉപഭൂഖണ്ഡത്തിനുള്ള കരാറിൽ ഒപ്പുവെക്കുക. അയൽപക്ക രാജ്യങ്ങളുമായി ഉറ്റ സുഹൃദ്ബന്ധം സ്ഥാപിക്കുക.

### 12. ഉത്തരവാദിത്വ പൂർണത

■ രാഷ്ട്രീയത്തിലെ ക്രിമിനൽവത്കരണം, സർക്കാർ മെഷിനറികളിലെ അഴിമതിയുടെ വ്യാപനം എന്നിവക്കെതിരെ ശക്തമായ ജനകീയ കാമ്പയിൻ അനുപേക്ഷണീയമാണ്. ക്രിമിനൽ പശ്ചാത്തലമുള്ളവർക്ക് സ്ഥാനാർഥിത്വ ടിക്കറ്റ് അനുവദിക്കരുത്. കോഴക്ക് ശിക്ഷ നൽകുന്നത് ഉൾപ്പെടെ ഉദ്യോഗസ്ഥതല ശുദ്ധീകരണത്തിന് വീരപ്പമൊയ്‌ലി കമീഷൻ മുന്നോട്ടുവെച്ച ശിപാർശകൾ നടപ്പിലാക്കുക. സർക്കാറിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിന് ഇ-ഗവേണൻസ് തുടങ്ങിയ മാർഗങ്ങൾ അവലംബിക്കുക.

### 13. സാംസ്കാരിക രംഗം

■ ഇന്റർനെറ്റിൽ കടന്നുകൂടുന്ന ആഭാസങ്ങളും അശ്ലീലതയും തടയാൻ ബാക് സോൺ ഫിൽറ്റർ രീതി നടപ്പാക്കുക.

■ ലൈംഗികതയും ഹിംസയും ചിത്രീകരിക്കുന്ന സിനിമകൾ കർശനമായ സെൻസർഷിപ്പിന് വിധേയമാക്കുക.

■ സാമുദായിക മൈത്രിയും സാമൂഹിക ബന്ധങ്ങളുടെ കെട്ടുറപ്പും തകരാതിരിക്കുക എന്ന ലക്ഷ്യത്തോടെ പ്രക്ഷേപണ മാധ്യമങ്ങളുടെ വഴിവിട്ട പോക്കുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക.

■ സമ്പൂർണ മദ്യനിരോധം ഏർപ്പെടുത്തുക.

■ റാഗിംഗ് വിരുദ്ധ നിയമം കണിശമായി നടപ്പാക്കുക.

### 14. വഖ്ഫ് സ്വത്ത്

■ ഉൽപാദനക്ഷമമായ രീതിയിൽ വഖ്ഫ് സ്വത്ത് സംഘടിപ്പിക്കുക. ലക്ഷ്യങ്ങൾക്കായി പരമാവധി വിഭവോൽപാദനത്തിന് സാധിക്കുംവിധം കൈകാര്യം ചെയ്യുക.

ഇതിനായി (എ) വഖ്ഫ് ബോർഡിന് സ്വയംഭരണാവകാശം അനുവദിക്കുക. (ബി) വഖ്ഫ് ആക്ട് ഭേദഗതി ചെയ്യേണ്ടതും അനുപേക്ഷണീയമാണ്.

വഖ്ഫ് ആക്ടിന്റെ ഭേദഗതിയിൽ താഴെ പറയുന്ന പരിപാടികൾ ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു.

-വഖ്ഫ് ആസ്തികളുടെ നിർബന്ധ സർവേ

- വഖ്ഫ് സ്വത്ത് സംബന്ധമായ എല്ലാ വിവരങ്ങളും ഇന്റർനെറ്റ് വഴി ലഭ്യമാക്കുക.

- പാട്ടത്തിനു നൽകുമ്പോൾ പരസ്യമായി ലേലം ചെയ്യുന്ന രീതി അവലംബിക്കപ്പെടണം.

- ഭൂമി അക്വിസിഷൻ ആക്ടിൽനിന്ന് വഖ്ഫ് സ്വത്തുകളെ ഒഴിവാക്കുക. എല്ലാ അനധികൃത കൈയേറ്റങ്ങളിൽനിന്ന് വഖ്ഫ് സ്വത്തിനെ മോചിപ്പിക്കുക.

### 15. മറ്റു പരിഷ്കരണങ്ങൾ

■ പാർലമെന്റിന്റെ അനുമതി കൂടാതെ ഒരു അന്താരാഷ്ട്ര ഉടമ്പടിയും ഒപ്പു വെക്കില്ല എന്ന വ്യവസ്ഥ ഭരണഘടനയിൽ ഉൾപ്പെടുത്തുക.

■ ഒ.ബി.സി സർട്ടിഫിക്കറ്റിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

■ വോട്ടർമാരുടെ രജിസ്ട്രേഷൻ, ഐഡന്റിറ്റി കാർഡ് വിതരണം എന്നിവ സുഗമവും കാര്യക്ഷമവും ആക്കുന്നതിനുള്ള മാർഗങ്ങൾ ആവിഷ്കരിക്കുക.

■ ചില സംസ്ഥാനങ്ങൾ കൊണ്ടുവന്ന മതപരിവർത്തന നിരോധ നിയമം റദ്ദാക്കുക.

■ ജഡ്ജിമാരുടെ നിയമനത്തിനുള്ള രീതി മികവ്, യോഗ്യത, സംവരണം എന്നീ മാനദണ്ഡ പ്രകാരമാക്കുക.

■ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന 'ദാറുൽ ഖദാഉ്'കൾക്ക് നിയമസാധുത പ്രഖ്യാപിക്കുക. ബദൽ പ്രശ്നപരിഹാര സംവിധാനമായി (ADR) ഇവ പരിഗണിക്കപ്പെടുക. ●

**വിവ: വി.പി.എ അസീസ്**